12-01-2022

WEDNESDAY ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 12/01/2022

1. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തിരുവനന്തപുരം കരമനയ്ക്കടുത്ത് നെടുങ്കാട് പ്രവർത്തിക്കുന്ന സംയോജിതകൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ ഒരു **സസ്യ ആരോഗ്യ ക്ലിനിക്കിന്** തുടക്കം കുറിക്കുന്നു. ഇതിന്റെ ഉദ്ഘാടനം ഇന്ന് രാവിലെ 11.30 -ന് കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിക്കും. ചടങ്ങിൽ പൊതുവിദ്യാഭ്യാസ തൊഴിവൽവകുപ്പ് മന്ത്രി വി. ശിവൻകുട്ടി അദ്ധ്യക്ഷത വഹിക്കും.

2. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള നടപ്പിലാക്കുന്ന **അർക്ക വെർട്ടിക്കൽ ഗാർഡൻ സ്ട്രക്ച്ചർ മുഖേനയുളള പച്ചക്കറി കൃഷിയുടെ സംസ്ഥാനതല ഉദ്ഘാടനം** നാളെ (ജനുവരി 13) രാവിലെ 11.30-ന് ഗവൺമെന്റ് സെക്രട്ടറിയേറ്റ് വളപ്പിൽ കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം നിർവഹിക്കും.

3. പാലക്കാട് ജില്ലയിലെ കേരളശ്ശേരി സെന്റർ ക്ഷീരസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഇന്നും നാളെയുമായി (ജനുവരി 12,13) **ക്ഷീരകർഷക സംഗമം** നടത്തുന്നു. ഇതിനോടനുബന്ധിച്ചുളള പൊതുസമ്മേളനത്തിന്റെ ഉദ്ഘാടനവും പാലക്കാട് ജില്ലയിലെ മികച്ച ക്ഷീരകർഷകനെ ആദരിക്കലും നാളെ (ജനുവരി 13) രാവിലെ 9.30-ന് കേരളശ്ശേരി സൗപർണ്ണിക ഓഡിറ്റോറിയത്തിൽ വച്ച് മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. കോങ്ങാട് എം.എൽ.എ അഡ്വ. കെ. ശാന്തകുമാരി അദ്ധ്യക്ഷത വഹിക്കും. ക്ഷീരസംഗമത്തോടനുബന്ധിച്ച് ഡയറി ക്വിസ്, എക്സിബിഷൻ, ക്ഷീരവികസന സെമിനാർ എന്നിവ സംഘടിപ്പിച്ചിരിക്കുന്നു.

4. പാലക്കാട് ജില്ലയിലെ ക്ഷീരവികസനവകുപ്പ് ക്ഷീരസഹകരണ സംഘങ്ങൾക്കുളള ആസ്തി വികസന പദ്ധതി പ്രകാരം 8 ലക്ഷം രൂപ ധനസഹായം നൽകി സ്ഥാപിച്ച 20 KW സോളാർ പവർപ്ലാന്റിന്റെ ഉദ്ഘാടനം നാളെ (ജനുവരി 13) രാവിലെ 11 മണിക്ക് ചുളളിമട ക്ഷീരസംഘത്തിൽ വച്ച് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. മലമ്പുഴ നിയോജകമണ്ഡലം എം.എൽ.എ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

എ. പ്രഭാകരൻ അദ്ധ്യക്ഷത വഹിക്കും. ചടങ്ങിൽ പാലക്കാട് എം.പി. വി.കെ. ശ്രീകണ്ഠൻ മുഖ്യാതിഥി ആയിരിക്കും.

5. പാലക്കാട് ജില്ലയിൽ ക്ഷീരവികസന പദ്ധതി ധനസഹായത്തോടെയും മലബാർ മേഖലാ യൂണിയന്റെ സഹകരണത്തോടെയും നിർമ്മിച്ച വടക്കൻ വെള്ളിനേഴി ക്ഷീരോത്പാദക സഹകരണ സംഘം കെട്ടിടത്തിന്റെ ഉദ്ഘാടനം നാളെ (ജനുവരി 13) ഉച്ചയ്ക്ക് 2.30-ന് ഷൊർണ്ണൂർ എം.എൽ.എ പി. മമ്മിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. ഇതിനോടനുബന്ധിച്ച് മലബാർ മേഖലാ യൂണിയൻ സംഘത്തിനനുവദിച്ച ബൾക്ക് മിൽക്ക് കൂളർ സ്വിച്ച് ഓൺ കർമ്മവും, സംഘത്തിലെ മികച്ച കർഷകരെ ആദരിക്കൽ എന്നിവയും ഉണ്ടായിരിക്കുന്നതാണ്.

6. ആറളം ഫാമിലെ ബ്ലോക്ക് 6, 8 ൽ കൃഷി ചെയ്തിട്ടുള്ള മഞ്ഞളിൽ ഒരു ഭാഗം കുർക്കുമിൻ അളവിന്റെ അടിസ്ഥാനത്തിൽ വിപണനം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. സാമ്പിൾ പരിശോധിച്ച് ഉയർന്ന വില വാഗ്ദാനം ചെയ്യുന്ന സ്ഥാപനങ്ങൾ/കമ്പനികൾ എന്നിവർക്ക് മഞ്ഞൾ സംസ്കരിച്ച് നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9496045386, 9496045384** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

7. കേരളത്തിൽ നാളികേരത്തിന് വിലയിടിവ് ഉണ്ടായ സാഹചര്യത്തിൽ കിലോയ്ക്ക് **32 രൂപ** നിരക്കിൽ കേരഫെഡ് വഴി ജനുവരി 5 മുതൽ കർഷകരിൽ നിന്ന് പച്ചത്തേങ്ങ സംഭരിക്കുവാൻ തുടങ്ങി. തിരുവനന്തപുരം, കൊല്ലം, തൃശൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിലുള്ള സംഭരണകേന്ദ്രങ്ങളിലാണ് കേരഫെഡ് തുടക്കത്തിൽ സംഭരണം ആരംഭിക്കുക. കൃഷിഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ചെറുകിട കർഷകരിൽ നിന്നും തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിലായിരിക്കും സംഭരണം നടത്തുക. രാവിലെ 10 മുതൽ വൈകുന്നേരം 4 മണിവരെയാണ് കേരഫെഡ് കേന്ദ്രങ്ങളിൽ പച്ചത്തേങ്ങ സംഭരിക്കുക. സംഭരിക്കുമ്പോൾ തന്നെ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക അനുവദിക്കുന്ന രീതിയിലാണ് ക്രമീകരണം.

8. വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജിലെ ജൈകീടരോഗ നിയന്ത്രണ വിഭാഗത്തിലും മണ്ണുത്തി യൂണിവേഴ്സിറ്റി വിൽപ്പന കേന്ദ്രത്തിലും കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിലും പച്ചക്കറി വിളകളിലെ മീലിമുട്ടകൾ, ശൽക്കകീടങ്ങൾ എന്നിവയെ നിയന്ത്രിക്കാനുള്ള **വെർട്ടിസീലിയം**, ഇലതീനി പുഴുക്കൾക്കെതിരെയുള്ള **ബ്യൂവേറിയ ബാസിയാന**, ചിതൽ, വേരുതീനി പുഴുക്കൾ എന്നിവയ്ക്കെതിരെയുള്ള **മെറ്റാറൈസിയം** എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0487 – 2370540** (മണ്ണുത്തി യൂണിവേഴ്സിറ്റി വിൽപ്പന കേന്ദ്രം), **0487–2699087** (കണ്ണാറ വാഴ ഗവേഷണ കേന്ദ്രം) എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

9. തിരുവനന്തപുരം പാളയം സാഫല്യം കോംപ്ലക്സിലെ കൃഷിഭവനിൽ സബ്ല്യൂ.സി.റ്റി തെങ്ങിൻ തൈകൾ 50 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർക്ക് കൃഷിഭവനിൽ നിന്നും തെങ്ങിൻ തൈകൾ വാങ്ങാവുന്നതാണെന്ന് കൃഷി ഫീൽഡ് ഓഫീസർ അറിയിച്ചു.

## പരിശീലന പരിപാടികൾ

10. റബ്ബറുത്പാദനം സുസ്ഥിരമാക്കുന്നതിന് സഹായകമായ നൂതന കൃഷിരീതികളിൽ റബ്ബർബോർഡിന്റെ പരിശീലനവിഭാഗമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഓൺലൈൻ പരിശീലനം നൽകുന്നു. ജനുവരി 18 –ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

11. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 17-ന് (ജനുവരി 17) **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0484–2631355** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9188522708** എന്ന വാട്ട്സാപ്പ് നമ്പരിൽ പേരും പരിശീലന വിഷയവും വാട്ട്സാപ്പ് സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യേണ്ടതാണ്.

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

12. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **17, 18 തീയതികളിൽ ആട് വളർത്തൽ, 24,25 തീയതികളിൽ പശുവളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471-2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം